Rama Varmha Tampuran:—We will note the point raised by the Hon'ble Member for Cranganur.

Collection of Income tax from Messrs. Mugaseth and Sons, etc.

211. Mr. C. A. Ouseph:— Will the Government be pleased to inform the House whether any income-tax have been collected from Messrs. Mugaseth and Sons, and Ranade and Sons, and Mr. Jan Muhammed doing work in the Cochin State as contractors to the South Indian Railway Co., Ltd.; if not, why not ?

Mr. K. Achyuta Menon:—Assessment Proceedings have been taken against the railway contractors.

Mr. C. A. Ouseph:— May I know, Sir, where they are working ?

Mr. K. Achyuta Menon:— They are working in the various sections of the railway. They are railway contractors doing railway work.

Mr. C. A. Ouseph:— Is it for working on the railway that you are going to assess them ?

Mr. K. Achyuta Menon:— Assessment is made not for working but for the profits.

Mr. C. A. Ouseph:— May I know whether they have been taxed while working on the British railways?

Mr. K. Achyuta Menon:— I have no information.

Mr. C. A. Ouseph:— May I know whether they were at any time assessed in 1109 and the assessment had to be dropped ?

Mr. K. Achyuta Menon:— I want notice.

Mr. E. Ikkanda Warriar:— May I know whether they are living in the railway lines of Cochin State?

Mr. K. Achyuta Menon:—I do not know.

Kumbalam out-post—Head Constable in charge —complaint against.

212. മിസ്റ്റർ കെ. പി. വള്ളോൻ:—(എ) കുമ്പളം പോലീസ് സ്റ്റേഷനിലെ ഹെഡ് കാൺസ്റ്റബിൾ അവർകളെക്കുറിച്ചു വല്ല ആക്ഷേപവും ഗവർമ്മെണ്ടിനു കിട്ടീട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു ?

മിസ്റ്റർ പി. വീലക്കണ്ണമേനോൻ:—(എ) ഉണ്ട്.

(ബി) ഒന്നു.

മിസ്റ്റർ കെ. പി. വള്ളോൻ:—ഇതുപോലെ വേറെ വല്ല ആക്ഷേപങ്ങളും ഇദ്ദേഹത്തെ സംബന്ധിച്ചു കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നീലകണ്ഠമേനോൻ:—വേറെ ഒന്നും കിട്ടിയതായിട്ട് ഓർക്കുന്നില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:—ഈ കരാക്ഷേപത്തെപ്പറ്റിച്ച് വല്ല അന്വേഷണവും നടത്തുകയുണ്ടായോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ:—D. S. P. അവർകൾ അന്വേഷിച്ചിട്ടുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ:—ആ അന്വേഷണത്തിന്റെ ഫലമെന്താണ്?

മിസ്റ്റർ പി. നീലകണ്ഠമേനോൻ:—റിപ്പോർട്ട കിട്ടീട്ടില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം:—ഈ ആധവലാതിയിലെ ഉള്ളടക്കം എന്താണെന്നു ദയവായി പറയാമോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ:—ഉള്ളടക്കം എന്നുവച്ചാൽ.....

മിസ്റ്റർ കെ. എം. ഇബ്രാഹിം:—അതിൽ പറഞ്ഞിരിയ്ക്കുന്നതിന്റെ ചുരുക്കമെന്താണെന്നു പറയാമോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ:—ഒരു ഭ്രാന്തനെ എന്തോ ഉപദ്രവിച്ചുവെന്നാണ് അതിന്റെ താല്പര്യം.

മിസ്റ്റർ കെ. എം. ഇബ്രാഹിം:—തല്ലി എന്നല്ലേ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ:—പിടിച്ചുനിറുത്തി തല്ലുകയോ മറ്റോ ചെയ്തുവെന്നാണ്. അതിനെക്കുറിച്ച് എൻകയറിയ്ക്കയച്ചു കൊടുത്തിട്ടുണ്ട്.

മിസ്റ്റർ സി. എ. കുര്യാപ്പ്:—എപ്പോഴാണ് ഈ ആക്ഷേപം വന്നിട്ടുള്ളത്?

മിസ്റ്റർ പി. നീലകണ്ഠമേനോൻ:—ഈ മാസം ആദ്യമാണ്.

മിസ്റ്റർ സി. എ. കുര്യാപ്പ്:—ഇപ്പോൾ ഹെഡ് കാൺസ്റ്റബിൾ ആസ്ഥലത്തു വന്നിട്ട് എത്ര കൊല്ലമായി?

മിസ്റ്റർ പി. നീലകണ്ഠമേനോൻ:—ഈ അടുത്ത കാലത്താണ്.

മിസ്റ്റർ സി. എ. കുര്യാപ്പ്:—ഇതിനു മുമ്പ് ഈ ഹെഡ് കാൺസ്റ്റെബിൾ എവിടെയായിരുന്നു?

മിസ്റ്റർ പി. നീലകണ്ഠമേനോൻ:—ഈ എറണാകുളത്തും മറ്റും പല ഡിക്കുകളിലും ഇരുന്നിട്ടുണ്ട്.

മിസ്റ്റർ സി. എ. കുര്യാപ്പ്:—ഇദ്ദേഹം ഹെഡ് കാൺസ്റ്റെബിളായിട്ട് എത്ര കൊല്ലമായി?

മിസ്റ്റർ പി. നീലകണ്ഠമേനോൻ:—നോട്ടീസു വേണം.

LIBRARY ARCHIVES Kerala Legislative Assembly